## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1691** **03.10.2011-ൽ മറുപടിക്ക്.**

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് എത്ര ഏക്കർ സ്ഥലം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്; | (എ) | ഗവൺമെന്റ് ഓർഡർ നമ്പർ. G.O(MS) No.21/07/Tran തീയതി 20/04/07 & G.O(MS) No.7/08/Tran തീയതി 01/02/2008 പ്രകാരം കണ്ണൂർ വിമാനത്താവള പദ്ധതിക്കു വേണ്ടി 2200 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ 2000 ഏക്കർ ഭൂമി വിമാനത്താവളത്തിനു വേണ്ടിയും 150 ഏക്കർ ഭൂമി പുനരധിവാസത്തിനു വേണ്ടിയും 50 ഏക്കർ ഭൂമി കെ.എസ്.ഇ.ബി സബ്സ്റ്റേഷനു വേണ്ടിയു മാണ്. |
| (ബി) | അതിൽ എത്ര ഏക്കർ സ്ഥലം ഇതിനകം ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്; | (ബി) | പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 192.18 ഏക്കർ ഭൂമിയും രണ്ടാം ഘട്ടത്തിൽ 1085.60 ഏക്കർ ഭൂമിയും ചേർത്ത് ഇതുവരെ 1277.78 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിമാനത്താവള വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (സി) | പദ്ധതിയുടെ കൺസൾട്ടൻസിക്ക് എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കു വേണ്ടിയുള്ള റിപ്പോർട്ട് തയ്യാറാക്കാൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ (CESS) നിയോഗിച്ചിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ 192.18 ഏക്കർ ഭൂമി കമ്പനിക്ക് കൈമാറി കഴിഞ്ഞു. കൂടാതെ മൂന്ന് പൊതു മേഖലാ സ്ഥാപനങ്ങളായ കേരള സ്റ്റേറ്റ് ബിവറേജസ് (എം & എം) |

| | | | |
|---|---|---|---|
| | | | കോർപ്പറേഷൻ ലിമിറ്റഡിന് 5 കോടി രൂപയുടെ ഓഹരിയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസിന് 10 ലക്ഷം രൂപയുടെ ഓഹരിയും കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡിന് 5 കോടി രൂപയുടെ ഓഹരിയും അനുവദിക്കുകയുണ്ടായി. ഇതു കൂടാതെ, മലബാർ സിമന്റ്സ് ലിമിറ്റഡിന് 2.5 കോടി രൂപയുടെ ഓഹരി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സർക്കാരിന് 8 കോടി രൂപയുടെ ഓഹരിയും (കൈമാറിക്കഴിഞ്ഞ ഭൂമിയുടെ വിലയ്ക്കു തുല്യമായ തുക) നൽകി കഴിഞ്ഞു. 1085 ഏക്കർ ഭൂമി കിയാലിന് കൈമാറാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. മൂന്നാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടിയിൽ പദ്ധതിയിൽ ഉൾപ്പെട്ട 783 ഏക്കർ ഭൂമിക്കു വേണ്ടി വിവിധ ബാങ്കുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | വിമാനത്താവള നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ള തെന്ന് അറിയിക്കുമോ? | (ഡി) | ടെർമിനൽ കെട്ടിടം, റൺവേ, മറ്റു അനുബന്ധ സൗകര്യങ്ങൾ എന്നിവ 2014 അവസാനത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ